## File No.LSGD-IB1/79/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി MoU ഒപ്പുവയ്ക്കുന്നതിനും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഐ.കെ.എം.-ന്റെ പേരിൽ ഒരു എസ്.ബി.അക്കൗണ്ട് തുടങ്ങുന്നതിനും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Rt)No.1005/2020/LSGD തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം.886/2020/തസ്വഭവ തീയതി 14.05.2020

2 ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.05.2020 തീയതിയിലെ IKM/Imple-1094/2020 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന ILGMS സോഫ്റ്റ്‌വെയറിന്റെ പൈലറ്റ് ഇംപ്ലിമെന്റേഷൻ 20.05.2020-ന് ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ നടത്തുന്നതിനും സമാന്തരമായി മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സോഫ്റ്റ്‌വെയർ വിന്യസിച്ചു തുടങ്ങുന്നതിനും 31/07/2020-നകം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സോഫ്റ്റ്‌വെയർ വിന്യാസം പൂർത്തിയാക്കുന്നതിനും പരാമർശം (1) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന സേവനങ്ങൾക്കും മറ്റുമായി ഗുണഭോക്താക്കൾ ഓൺലൈനായി ഒടുക്കുന്ന തുകകൾ ഐ.കെ.എം.-ന്റെ ഒരു കേന്ദ്രീകൃത സേവിംഗ്സ് ബാങ്ക് (SB) അക്കൗണ്ടിൽ Transaction +1 day-യിൽ ലഭ്യമാക്കുന്നതിനും തൊട്ടടുത്ത ദിവസം തന്നെ തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്യുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ഒരു Memorandum of Understanding (MoU) ഒപ്പുവയ്ക്കുന്നതിനും ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഐ.കെ.എം.-ന്റെ പേരിൽ ഒരു കേന്ദ്രീകൃത എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിനും അനുമതി ലഭ്യമാക്കണമെന്ന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം ( 2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.കെ.എം. എക്സിക്യൂട്ടീവ്

File No.LSGD-IB1/79/2020-LSGD

ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് മേല്പറഞ്ഞ ആവശ്യത്തിലേക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി MoU ഒപ്പവയ്ക്കുന്നതിനും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഐ.കെ.എം.-ന്റെ പേരിൽ ഒരു എസ്.ബി.അക്കൗണ്ട് തുടങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ.എസ്.എ. / ജി.& എസ്.എസ്.എ.), കേരള, തിരുവനന്തപുരം .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.